# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:*204 | 18.03.2015 ൽ മറുപടിക്ക്

### ട്രെയിനുകളിലെ ബോഗികളുടെ കാലപ്പഴക്കവും അറ്റകുറ്റപ്പണിയുടെ അഭാവവും

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.കെ.ബഷീർ :<br>,, കെ.എൻ.എ.ഖാദർ :<br>,, കെ.എം.ഷാജി :<br>,, എം.ഉമ്മർ : | | ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പുമന്ത്രി) | |
| (എ) | ട്രെയിനുകളിലെ ബോഗികളുടെ കാലപ്പഴക്കവും, അറ്റകുറ്റപ്പണിയുടെ അഭാവവും അപകടങ്ങൾക്ക് കാരണമാവുന്നുണ്ടെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ; | (എ) യും (ബി) യും | സംസ്ഥാനത്ത് ഓടുന്ന ട്രെയിനുകളിലെ ബോഗികൾ ചിലതെല്ലാം കാലപ്പഴക്കം ചെന്നവയും തുരുമ്പെടുത്ത് ഉപയോഗയോഗ്യമല്ലാത്തവയുമാണെന്നും ദീർഘദൂര ട്രെയിനുകളിലെ ബോഗി കളുടെ അവസ്ഥയും പലപ്പോഴും ശോചനീയമാണെന്നും സംസ്ഥാനത്ത് ഉപയോഗിക്കുന്ന ബോഗികളിൽ 70% നുമേൽ 25 കൊല്ലത്തിലധികം പഴക്കമുള്ളവയാണെന്നും ബോഗികൾ റിപ്പയർ ചെയ്യുന്നതിനായുള്ള പീരിയോഡിക് ഓവർ ഹോളിംഗ് സൗകര്യം സംസ്ഥാനത്ത് ഇല്ലാത്തതിനാൽ ബോഗികൾ റിപ്പയറിംഗിനായി ചെന്നൈയിലേക്ക് അയയ്ക്കുമ്പോൾ അവിടെ നിന്നും തിരികെ ലഭിക്കുന്നവ പലപ്പോഴും വൃത്തിയില്ലാത്തതും കാലപ്പഴക്കം ചെന്നവയുമാണെന്നും മുൻപ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആലപ്പുഴ പാസ്സഞ്ചർ ട്രെയിനിന്റെ ബോഗിക്ക് സംഭവിച്ച അപകടത്തിന്റെ വെളിച്ചത്തിൽ ഇക്കാര്യങ്ങളിലേക്ക് ശ്രദ്ധക്ഷണിച്ചു കൊണ്ട് താഴെപ്പറയുന്ന കാര്യങ്ങൾ അടിയന്തിര മായി പരിഗണിക്കണമെന്ന് കേന്ദ്ര റയിൽവേ മന്ത്രിയോട് സംസ്ഥാന സർക്കാർ |
| (ബി) | സംസ്ഥാനത്തിന് അനുവദിക്കുന്ന പുതിയ റേക്കുകൾ തട്ടിയെടുത്ത്, പഴക്കംചെന്ന റേക്കുകൾ അയച്ചുതരുന്ന രീതിക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; | | |

| | | | |
|---|---|---|---|
| | | | അഭ്യർത്ഥിച്ചിരുന്നു.<br>(i) 25 കൊല്ലത്തിലധികം പഴക്കമുള്ള എല്ലാ ബോഗികളും ഘട്ടം ഘട്ടമായി 5 കൊല്ലത്തിനകം മാറ്റണമെന്നും;<br>(ii) തിരുവനന്തപുരത്തേയും എറണാകുളത്തേയും റിപ്പയർ സൗകര്യങ്ങൾ പ്രധാന റിപ്പയറുകൾ ചെയ്യുവാനുതകുന്ന രീതിയിൽ വിപുലപ്പെടുത്തണമെന്നും;<br>(iii) റിപ്പയറിനും മെയിന്റനൻസിനുമായി ആവശ്യത്തിന് ആളുകളെ നിയമിക്കണമെന്നും;<br>(iv) കോച്ചുകൾ വൃത്തിയാക്കാനായി കൂടുതൽ ഫലപ്രദമായ സംവിധാനം ഏർപ്പെടുത്തണ മെന്നും.<br>തുടർന്ന് റിപ്പയറിംഗിനായി നല്കുന്ന കോച്ചുകൾ തന്നെ മടക്കി ലഭിച്ചു തുടങ്ങിയിട്ടുണ്ട് എന്ന് റെയിൽവേ അറിയിച്ചു.<br>2015-16 ലെ റെയിൽവേ ബഡ്ജറ്റിൽ കേരളത്തിലെ റയിൽവേ വികസനത്തിനാവശ്യമായ കാര്യങ്ങൾ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് കേന്ദ്ര സർക്കാരിന് സംസ്ഥാന സർക്കാർ ഡിസംബർ 2014 ൽ സമർപ്പിച്ച മെമ്മോറാണ്ടത്തിലും ഇക്കാര്യങ്ങൾ ഉൾപ്പെടുത്തി വീണ്ടും കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. |
| (സി) | ബോഗികളുടെ അറ്റകുറ്റപ്പണികൾക്ക സംസ്ഥാനത്ത് സംവിധാനമുണ്ടോ; ഇല്ലെങ്കിൽ അതിനായി കേന്ദ്രത്തിൽ സംയുക്ത സമ്മർദ്ദം നടത്തുമോ? | (സി) | ബോഗികൾ റിപ്പയർ ചെയ്യുന്നതിനായുള്ള പീരിയോഡിക് ഓവർ ഹോളിംഗ് സൗകര്യം സംസ്ഥാനത്ത് നിലവിലില്ല. അത് ഏർപ്പെടുത്തണമെന്ന് റെയിൽവേയോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

Sajan

**സെക്ഷൻ ഓഫീസർ**